പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6171 02.04. 2018 ൽ

മറുപടിക്ക്

# കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി.യിലെ മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നിലവിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് നിലവിൽ ഉള്ളത്; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ എന്താണ് കാരണം; വിശദാംശം അറിയിക്കാമോ; | (എ) റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| (ബി) നിലവിൽ കെ.എസ്.ഇ.ബി.യിൽ അവസാനമായി എന്നാണ് മീറ്റർ റീഡർ തസ്തികയിലേയ്ക്ക് നിയമനം നടന്നത്; നിലവിൽ മീറ്റർ റീഡർ തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്തുന്നതിനായി പി.എസ.സി-ക്ക റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) 2015 ഡിസംബർ മാസത്തിലാണ് (എസ്.റ്റി വിഭാഗത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ്) കെ.എസ്.ഇ.ബി-യിൽ അവസാനമായി മീറ്റർ റീഡർ തസ്തികയിലേയ്ക്ക് നിയമനം നടന്നത് മീറ്റർ റീഡർ തസ്തികയിലെ അംഗീകൃത എണ്ണം 1721 ആയിരുന്നത് 799 എണ്ണം കുറച്ച് (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.30039/2016 അന്തിമ വിധിയ്ക്ക വിധേയമായി) 922 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നിജപ്പെടുത്തിയതിന്റെ ഫലമായി ജനറൽ കാറ്റഗറിയിൽ 97 ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത പി.എസ്.സി. തസ്തികയ്ക്ക് വേണ്ടി കാറ്റഗറി നമ്പർ 557/14 പ്രകാരം പരീക്ഷ നടത്തിയതിൽ, കെ.എസ്.ഇ.ബി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയില്ലായെന്ന നിലപാട് എടുത്തിരുന്നോ എന്നറിയിക്കാമോ; ഈ കാര്യത്തിൽ ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിധിന്യായം എന്താണെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) സംസ്ഥാന വൈദ്യുത ബോർഡിൽ മീറ്റർ റീഡർ തസ്തികയിലെ 799 ഒഴിവുകൾ വെട്ടികുറച്ച് കൊണ്ട് തീരുമാനം എന്നാണ് | (സി)(ഡി)&(ഇ) WP(C)No.30039/2016 D, 21919/2017 L എന്നിവയിന്മേൽ 04.01.2018-ലെ വിധിയിൽ കെ.എസ്.ഇ.ബി.എൽ-ലെ 799 മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ KPSC-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായി. എന്നാൽ പുതുതായി 799 മീറ്റർ റീഡർമാരുടെ ആവശ്യകത ഇല്ലാത്തതിനാൽ സിംഗിൾ ബഞ്ചിന്റെ ഈ വിധിക്കെതിരെ കെ.എസ്.ഇ.ബി.എൽ ഡിവിഷൻ ബഞ്ച് മുമ്പാകെ WA 173/2018 സമർപ്പിക്കുകയും മേൽ ഉത്തരവിന്മേൽ സ്റ്റേ സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ കോടതിയുടെ അന്തിമവിധിക്ക് വിധേയമായി കാറ്റഗറി നമ്പർ 557/14 ആയ മീറ്റർ റീഡർ തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ ബഹു.പബ്ലിക് സർവ്വീസ് കമ്മീഷൻ താൽക്കാലികമായി നിർത്തി |

| | |
|---|---|
| കൈകൊണ്ടത്; ഈ തീരുമാനത്തിനു മുന്നേയാണോ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ.<br>(ഇ) നിലവിൽ മീറ്റർ റീഡർ തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോയെന്നറിയിക്കാമോ; ഉണ്ടെങ്കിൽ കെ.എസ്.ഇ.ബി. 799 തസ്തികകൾ വെട്ടികുറച്ചത് യുവജനങ്ങൾക്ക് തൊഴിൽ അവസരം നിഷേധിച്ചത് അല്ലേയെന്നും, ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി. ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ കേസ്സ് നൽകിയിട്ടുണ്ടോ എന്നും വിശദാംശം നൽകാമോ? | വച്ചിരിക്കുകയാണ്.<br>B.O.(DB) No.494/2018 (Estt.II/6718/2016) dated 23.02.2018 പ്രകാരമാണ് സംസ്ഥാന വൈദ്യുത ബോർഡിൽ മീറ്റർ റീഡർ തസ്തികയിലെ 799 ഒഴിവുകൾ വെട്ടികുറച്ച് കൊണ്ട് തീരുമാനം കൈകൊണ്ടത്; |

സെക്ഷൻ ഓഫീസർ